## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2606 06.02.2018-ൽ മറുപടിക്ക്

### അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസികൾക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വാച്ചുമരം, ഷോളയാർ, വാഴച്ചാൽ തുടങ്ങിയ ആദിവാസി കോളനിയിലെ ജനങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനും, കൃഷിക്കും ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) & ബി) | അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വാച്ചുമരം, വാഴച്ചാൽ എന്നീ കോളനികളിൽ വനാവകാശ നിയമ പ്രകാരം ഭൂമി പതിച്ച് നൽകിയിട്ടുണ്ട്. ഇവർക്ക് പതിച്ച് കിട്ടിയിട്ടുള്ളത് പരിമിതമായ ഭൂമിയായതിനാൽ കുറച്ചുപേർക്കെങ്കിലും കൃഷി ചെയ്യുന്നതിനോ വീട് വയ്ക്കുന്നതിനോ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ഭൂമി ലഭിക്കുന്നതിനായി വകുപ്പിന്റെ നിലവിലുള്ള ഭൂമി വാങ്ങൽ പദ്ധതിയിൽ ആരും തന്നെ അപേക്ഷ നൽകിയിട്ടില്ല.<br>മേൽപ്പറഞ്ഞ കോളനി നിവാസികൾ പി.വി.ടി.ജി വിഭാഗത്തിലെ കാടർ സമുദായക്കാരാണ്. പരമ്പരാഗതമായി വനത്തിൽ താമസിച്ചുവരുന്ന ഇവരെ വനത്തിന് പുറത്ത് പുനരധിവസിപ്പിക്കുന്നത് പ്രായോഗികമല്ല. ആയതിനാൽ ഇവരുടെ പുനരധിവാസം സംബന്ധിച്ച് റവന്യൂ വനം വകുപ്പുകളുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | ഇല്ലെങ്കിൽ ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ